കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# ഏഴിക്കര ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
e-mail:lfadekm@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കെ.എസ്.എ.ഇകെഎം(പി12)337/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം,
സിവിൽ സ്റ്റേഷൻ,

കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി 23.03.2019

ഡെപ്യൂട്ടി ഡയറക്ടർ

.
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏഴിക്കര ഗ്രാമപഞ്ചായത്ത്

.
സർ,

വിഷയം : ഏഴിക്കര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

.
1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:-
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

.
കെ.എസ്.എ.ഇകെഎം(പ12)337/2019 തീയതി : 23.03.2019

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ

ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടികൾ പരിഗണിച്ചതിനുശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ജയ.സി.ആർ.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.01.2019മുതൽ<br>31.01.2019 വരെ. |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പോളി റ്റി.ഒ.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാജീവ് ആർ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ബെറ്റ്സി സി.എക്സ്.<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഗീതാ പ്രതാപൻ | 1.04.2017 മുതൽ 06.12.17വരെ |
| | ശ്രീമതി.എസ്. മീര | 06.12.17 മുതൽ 04.01.18 വരെ |
| | ശ്രീമതി.പി.എ. ചന്ദ്രിക | 04.01.18 മുതൽ 31.03.18 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി.പി.എ. ചന്ദ്രിക | 1.4.2017മുതൽ 06.12.17വരെ |
| | ശ്രീ.കെ.കെ.നാരായണൻ | 07.12.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീ.കെ.എസ്. ശശീന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.വിനോദ് പൗലോസ് | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | സലീഷ്യ സജിനി | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | അജിത ജെയിംസ് | 01.04.2017 മുതൽ 22.08.17 FN വരെ |
| | റയ്ഹാന | 22.08.17 AN മുതൽ 31.03.18 വരെ |
| വി.ഇ.ഒ.(ചാത്തനാട്) | ശ്യാമ | 1.4.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ.(ഏഴിക്കര) | ശ്രീമതി.ടെസ്സി | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | ഡോ.സാജൻ രാജൻ | 01.04.2017 മുതൽ 08.08.2017വരെ |

| | | |
|---|---|---|
| | ഡോ.നിഷ.കെ | 09.08.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സജി. പി.എ. | 01.04.2017 മുതൽ 02.06.2017 വരെ |
| | ഡോ.ധന്യ | 03.06.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ.ടോണി തോപ്പിൽ | 01.04.2017 മുതൽ 07.06.17 വരെ |
| | ഡോ.കെ.എ.സാബു | 08.06.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | അംബിക എ എസ് | 01.04.2017 മുതൽ 31.3.18 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ഷീലിയ എം.സലാം | 1.4.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | എം.ബി. സുനിൽ കുമാർ | 01.04.2017 മുതൽ 18.06.2017 വരെ |
| | ഷൈജ.എം.എസ് | 19.06.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി അംബിക എം.ജെ | 01.04.2017 മുതൽ 30.11.2017 വരെ |
| | ശ്രീ.സുബ്രഹ്മണ്യം മൂത്തത് | 01.12.2017 മുതൽ 22.01.2018 വരെ |
| | ശ്രീമതി സിന്ധു.സി.റ്റി. | 23.01.2018 മുതൽ 31.03.18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-12 |
| | ഭാഗം - 2 | |
| 13 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്. | 2-1 |
| 14 | തൊഴിൽ നികുതി രേഖകൾ ലഭ്യമല്ല. | 2-2 |
| 15 | ഡി ആന്റ് ഒ ലൈസൻസ് രേഖകൾ ലഭ്യമല്ല | 2-3 |
| 16 | രസീതുകളിലെ അപാകതകൾ | 2-4 |
| | ഭാഗം - 3 | |
| 17 | മരാമത്ത് പ്രവൃത്തി -അപാകതകൾ | 3-1 |

| | | |
|---|---|---|
| 18 | ബിറ്റുമിൻ ഇഷ്യു ചെയ്തത്-എസ്റ്റിമേറ്റ് തുക ഈടാക്കിയിട്ടില്ല | 3-2 |
| 19 | കാനയുടെ സ്ലാബ് നിർമ്മാണം-ആവശ്യമായതിലും കൂടുതൽ അളവിൽ കമ്പി ഉപയോഗിച്ചത് | 3-3 |
| 20 | ബിറ്റുമിൻ ലഭിക്കാത്തത്. | 3-4 |
| 21 | പട്ടികജാതി ശ്മശാന നിർമ്മാണം പൂർത്തീകരിക്കുന്നില്ല | 3-5 |
| 22 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-സർക്കാർ നിർദ്ദേശം അവഗണിച്ചു | 3-6 |
| 23 | സെന്റേജ് ചാർജ് അധികം നൽകി | 3-7 |
| 24 | പ്രൊക്യൂർമെന്റ് മാന്വലിലെ നിബന്ധനകൾ പാലിക്കുന്നില്ല | 3-8 |
| 25 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-9 |
| 26 | പട്ടിക ജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ -വാങ്ങൽ നടപടി ക്രമങ്ങളിൽ അപാകതകൾ | 3-10 |
| 27 | വാട്ടർ ചാർജ് അടച്ചത് -അപാകതകൾ | 3-11 |
| | ഭാഗം - 4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 31 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 35 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 39 | ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് | അനുബന്ധം.2 |
| 40 | ഓഡിറ്റ് ചെയ്ത ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പകർപ്പ് | " |
| 41 | ഓഡിറ്റ് ചെയ്ത റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – പകർപ്പ് | " |


.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലേക്കുള്ള ബജറ്റ് 23.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 20.3.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 6.6.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.6.2018 & 28.06.2018 | KSA EKM(PG)1786(21)/18 /30.8.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4613093.70 |
| വരവ് | 40085225.00 |
| ആകെ | 44698318.70 |
| ചെലവ് | 43427443.00 |
| നീക്കിയിരിപ്പ് | 1270875.70 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ACR പ്രകാരം വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെല വഴി ക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10100000 | 10100000 | 7876189 | 0 | 2223811 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8284938 | 8284938 | 5487812 | 0 | 2797126 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 167932 | 167932 | 150990 | 0 | 16942 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4823000 | 4823000 | 4111579 | 0 | 711421 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2591000 | 2591000 | 1825200 | 0 | 765800 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4743048 | 4743048 | 3329901 | 0 | 1413147 |
| കെ. എൽ. എസ്. ജി. ഡി. പി | 0 | 1234754 | 1234754 | 1176250 | 0 | 58504 |
| എം.എൻ ആർ.ഇ. ജി.എസ്. | 148471 | 556226 | 704697 | 541095 | 163602 | |
| ബാങ്ക് ഓഫ് ഇൻഡ്യ | 3234148.5 | 692774 | 3926922.5 | 3488471 | 438451.5 | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.ഡി.സി.ബി. | 140428.20 | 0 | 140428.20 | 0 | 140428.20 | |
| പള്ളിയാക്കൽ സഹകരണബാങ്ക് | 2451 | 169 | 2620 | 0 | 2620 | |
| ദുരിതാശ്വാസ നിധി | 3710 | 0 | 3710 | 0 | 3710 | |
| എസ്.എസ്.എ ബാങ്ക് ഓഫ് ഇൻഡ്യ | 4402 | 169 | 4571 | 0 | 4571 | |
| യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | 97550 | 4863 | 102413 | 0 | 102413 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 958335 | 6977692 | 7936027 | 7661103 | 274924 | |
| എം.എൻ ലക്ഷം വീട് ട്രഷറി അക്കൗണ്ട് | 10500 | 0 | 10500 | 9450 | 1050 | |
| സാക്ഷരത | 1221 | 0 | 1221 | 0 | 1221 | |
| ബാങ്ക് ഓഫ് ഇന്ത്യ തനത് ഫണ്ട് കറന്റ് | 0 | 8561 | 8561 | 0 | 8561 | |
| ഇ-പേമെന്റ് എസ്.ബി.ഐ. തനത് | 0 | 51264 | 51264 | 4442 | 46822 | |
| ജോയിന്റ് വെഞ്ചർ ബ്ലോക്ക് പഞ്ചായത്ത് | 0 | 1945000 | 1945000 | 1893113 | 51887 | |
| ജില്ലാ പഞ്ചായത്ത് | 0 | 150000 | 150000 | 150000 | 0 | |
| ബി. ഫണ്ട് | 0 | 30184780 | 30184780 | 30184780 | 0 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 131 | 45120183 | 92 | 27741119 | 10 | 29 | 68.65% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ

1. ആട്ട വളർത്തൽ
2. കൂട്ടമത്സ്യക്കൃഷി.
3. മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിവല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 148471 | 556226 | 704697 | 541095 | 163602 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 7191005 | 7191005 | 7191005 | 0 |
| ആകെ | 148471 | 7747231 | 7895702 | 7732100 | 163602 |

.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19080 | 159 |
| കർഷകതൊഴിലാളി പെൻഷൻ | 4581200 | 396 |
| വിധവാ പെൻഷൻ | 7430300 | 635 |
| വാർദ്ധക്യകാല പെൻഷൻ | 14615200 | 1306 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2578400 | 211 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 749600 | 62 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.1.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1712 /- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ലോഗ് ബുക്കിൽ എല്ലാ യാത്രയുടേയും മൊത്തമായിട്ടുള്ള ദൂരം രേഖപ്പെടുത്തിയിരിക്കുന്നു. Starting point മുതൽ Destination point വരെയുള്ള separate kilometre reading രേഖപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.2018 | 11/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.10.16 | 2011-12 മുതൽ 2015-16 വരെ | 22.04.17 |

## 1-12 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ അനുബന്ധം 1 ന്റെ ഭാഗമായി ചേർത്തിരിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

താഴെപ്പറയുന്ന ജീവനക്കാരിയിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിരിക്കുന്നു.

2017-18 രണ്ടാം അർദ്ധവർഷം

| പേര്/ഉദ്യോഗപ്പേര് | 2017-18 ശമ്പളം(രൂ.)/രസീത് നം. /തീയതി | തൊഴിൽ നികുതി | | |
|---|---|---|---|---|
| | | ഈടാക്കേണ്ടത് (രൂ.) | ഈടാക്കിയത് (രൂ.) | കുറവ് ഈടാക്കിയത് (രൂ.) |

| | | | | |
|---|---|---|---|---|
| മറിയം ബീവി വി.എൻ. (പട്ടിക ജാതി വികസന ഓഫീസർ) | 1,78,700/- 117030103950 31.03.2018 | 1250 | 1000 | 250 |
| | ആകെ | | | 250 |

2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതിയിനത്തിൽ കുറവായി ഈടാക്കിയിരിക്കുന്ന 250/-രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി രേഖകൾ ലഭ്യമല്ല.

പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടേയും, കമ്പനികളുടേയും, തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടേയും പേരുവിവരങ്ങൾ (വാർഡ് അടിസ്ഥാനത്തിൽ ശേഖരിച്ചത്) അടങ്ങിയ *രജിസ്റ്റർ*, നികുതി ചുമത്താവുന്ന വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പേരുവിവരങ്ങൾ അടങ്ങിയ *അസസ്സ്മെന്റ് രജിസ്റ്റർ (ആവശ്യമായ വിവരങ്ങൾ പൂരിപ്പിച്ചത്)* (1996 ലെ കേരള പഞ്ചായത്ത് രാജ്, നികുതി ചുമത്തലും ഈടാക്കലും അപ്പീലും ചട്ടങ്ങൾ - 5 ലെ മാതൃകയിലുള്ളത്) മുതലായവ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്ററുകളുടെ അഭാവത്തിൽ തൊഴിൽനികുതിയിനത്തിലുള്ള വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോയെന്ന് നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ ഈ രേഖകളെല്ലാം പഞ്ചായത്തിൽ നിയമാനുസരണം സൂക്ഷിക്കേണ്ടതാണ്. കൂടാതെ അർദ്ധവാർഷിക വരുമാനപത്രിക ശരിയായ ഫോർമാറ്റിൽ ആവശ്യമായ എല്ലാ കോളങ്ങളും പൂരിപ്പിച്ച് സമർപ്പിച്ചിട്ടില്ലാത്തതിനാൽ തൊഴിൽ നികുതിയിനത്തിലുള്ള വരുമാനത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ പ്രധാന വരുമാനസ്രോതസ്സുകളിലൊന്നാണ് തൊഴിൽ നികുതിയെന്നതിനാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ കാര്യങ്ങളിലെല്ലാം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-3 ഡി ആന്റ് ഒ ലൈസൻസ് രേഖകൾ ലഭ്യമല്ല

ഡി & ഒ ലൈസൻസ് രജിസ്റ്ററുകളും അപേക്ഷകളും അടുക്കും ചിട്ടയോടും കൂടിയാണ് സൂക്ഷിക്കുന്നത്. 2018-19-ലേക്കുള്ള ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പ്രസ്തുത ലിസ്റ്റിൽ പഞ്ചായത്തിന്റെ പരിധിയിലുള്ള ലൈസൻസ് ഉള്ളതും ഇല്ലാത്തതുമായ എല്ലാ സ്ഥാപനങ്ങളുടേയും പേര് വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടേയും ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം ഡി & ഒ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ലൈസൻസില്ലാതെ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നും അതുമൂലം ലൈസൻസിനത്തിലുള്ള വരുമാനത്തിൽ എത്ര കുറവ് വന്നുവെന്നും ഓഡിറ്റിൽ നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. ലൈസൻസിനുള്ള ചില അപേക്ഷകളിൽ, ആവശ്യമായ എല്ലാ കോളങ്ങളും പൂരിപ്പിച്ച് സമർപ്പിച്ചിട്ടില്ലാത്തതിനാൽ ലൈസൻസിനത്തിൽ ലഭിച്ചിരിക്കുന്ന വരുമാനത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ഡി & ഒ ലൈസൻസ് പുതുക്കൽ ഫീൽഡ് പരിശോധന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഈ രേഖകളെല്ലാം പഞ്ചായത്തിൽ യഥാവിധി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന്റെ തനത് വരുമാനം വളരെ കുറവാണന്നതിനാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-4 രസീതുകളിലെ അപാകതകൾ

സാംഖ്യ രസീതുകൾ സ്റ്റോക്കിലെടുക്കുന്നത് മാത്രം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നു. ഉപയോഗക്രമം രേഖപ്പെടുത്തുന്നില്ല. ഉപയോഗക്രമം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ചില സാംഖ്യ രസീതുകൾ ഉപയോഗശൂന്യമായതിന്റെ കാരണം രേഖപ്പെടുത്തി ക്യാൻസൽ ചെയ്യാതെ സൂക്ഷിക്കുന്നതായി കാണപ്പെട്ടു. അവ കാരണം രേഖപ്പെടുത്തി ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്. മാനവൽ രസീത് ഉപയോഗത്തിനായി കൈപ്പറ്റുന്നയാൾ അയാളുടെ പേരും പദവിയും തീയതി വച്ചുള്ള പൂർണ്ണമായ ഒപ്പും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തി - അപാകതകൾ

പഞ്ചായത്ത് തൻവർഷം 0.75 കോടി രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും

ചെലവഴിച്ചത് റോഡ് മെയിന്റനൻസ് ചെയ്യുന്നതിനാണ്. റോഡ് ടാറിംഗ്, റോഡിൽ കാന പണിയുക എന്നീ പ്രവൃത്തികളാണ് കൂടുതലായും ചെയ്തത്. റോഡുകളുടെ ആകെ നീളമോ മെയിന്റനൻസ് ചെയ്യുന്ന ഭാഗത്തെ ചെയിനേജ് എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എംബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. സാധാരണ റോഡുകൾ മുഴുവൻ മെയിന്റനൻസ് ചെയ്യാതെ റോഡിന്റെ ചെറിയ ഭാഗം മാത്രമാണ് മെയിന്റനൻസ് ചെയ്യുന്നത്. പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ സ്ഥലം നേരിൽ പോയി പ്രവൃത്തി ചെയ്തത് പരിശോധിക്കാൻ സാധ്യമല്ല. മാത്രമല്ല പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ടും ഒരു ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ എന്ന പോലും അറിയില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മാത്രം മെയിന്റനൻസ് ചെയുന്നു. ഓരോ വർഷവും പുതിയ പ്രോജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെ വരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല. മരാമത്ത് പ്രവൃത്തികളിലൂടെ സൃഷ്ടിക്കപ്പെടുന്ന റോഡ് മുതലായ ആസ്തികൾ ശരിയായ രീതിയിൽ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-2 ബിറ്റുമിൻ ഇഷ്യു ചെയ്തത്-എസ്റ്റിമേറ്റ് തുക ഈടാക്കിയിട്ടില്ല

റോഡ് പ്രവൃത്തികൾക്ക് കരാറുകാർക്ക് ബിറ്റുമിൻ പഞ്ചായത്തിൽ നിന്ന് ഇഷ്യു ചെയ്തിട്ടുണ്ട്. ഇപ്രകാരം ബിറ്റുമിൻ ഇഷ്യു ചെയ്യുമ്പോൾ ബിറ്റുമിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് ബില്ലിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിൽ ബിറ്റുമിന്റെ വിലയും അതിന്റെ 10% ലാഭവും 10% ഓവർ ഹെഡ് ചാർജ്ജും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ബില്ലിൽ നിന്നും ബിറ്റുമിന്റെ യഥാർത്ഥ ബില്ല് പ്രകാരമുള്ള വില മാത്രമാണ് കുറവ് ചെയ്തത്. ബിറ്റുമിന്റെ യഥാർത്ഥ ബില്ല് പ്രകാരമുള്ള വില എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയേക്കാൾ കുറവ് ആണ് . ഇപ്രകാരം ബിറ്റുമിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഈടാക്കാത്തതിനാൽ കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. ഡാറ്റ പ്രകാരം ബിറ്റുമിന്റെ വില 33.636/kg രൂപയാണ്. ഇതിന്റെ 10% ലാഭവും 10% ഓവർ ഹെഡ് ചാർജ്ജും ഉൾപ്പെടെ ഈടാക്കേണ്ട തുക 40.67/kg രൂപയാണ്. സർക്കാർ ഉത്തരവ് പ്രകാരം ഡിപ്പാർട്ട്മെന്റ് ഇഷ്യു ചെയ്യുന്ന ബിറ്റുമിന് ലാഭവും ഓവർ ഹെഡ് ചാർജ്ജും നൽകേണ്ടതില്ല.
വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം. | പ്രവൃത്തി | കരാറുകാരൻ | ഇഷ്യൂ ചെയ്ത ബിറ്റുമിൻ (kg) | ബിറ്റുമിൻ ഇനത്തിൽ ബില്ലിൽ നിന്നും ഈടാക്കിയ തുക | ഈടാക്കേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 52/18 | കോറോടത്ത് റോഡ് | രാകേഷ് കെ ജി | 1716 | 60341 | 1716x40.67= 69790 | 9449 |
| SO 042 | ഗാന്ധിമന്ദിരം ഫസ്റ്റ് റീച്ച് റോഡ് | ബിജു ഒ പി | 1216 | 43022 | 1216x40.67= 49455 | 6433 |
| SO 051/18 | ഫിഷർമാൻ റോഡ് | ബിജു ഒ പി | 6116 | 216384 | 6116x40.67= 248738 | 32354 |
| 117/18 | കാളികളങ്ങര അമ്പാട്ട് റോഡ് | സിദ്ധിക് ടി എം | 874 | 30922 | 874x40.67= 35546 | 4624 |
| 43/18 | ഓഴത്തറ റോഡ് | രാകേഷ് കെ എം | 365 | 12913 | 365x40.67= 14845 | 1932 |
| 184/18 | ആലുങ്കൽ റോഡ് മെയിന്റനൻസ് | സിദ്ധിക് ടി എം | 2607 | 92236 | 2607x40.67= 106027 | 13791 |
| | | | | | ആകെ | 68583 |

എസ്റ്റിമേറ്റ് പ്രകാരമുള്ള ബിറ്റുമിന്റെ വില ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 കാനയുടെ സ്ലാബ് നിർമ്മാണം-ആവശ്യമായതിലും കൂടുതൽ അളവിൽ കമ്പി ഉപയോഗിച്ചത്

| | |
|---|---|
| പ്രോജക്ട് നമ്പർ | 47/18 |
| പ്രോജക്ടിന്റെ പേര് | നടീത്തറ റോഡ് ഓട നിർമാണം |
| കരാറുകാരന്റെ പേര് | ശ്രീ. ജീസ്മോൻ |
| അളവു പുസ്തകം | 164/16-17 |
| അടങ്കൽ | 249753/- |

| | |
|---|---|
| ചെലവ് | 195014/- (ബിൽ നം.59/17-18 തീയതി.05.03.18) |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കമ്പിയുടെ അളവ് കണക്കാക്കിയിരിക്കുന്നത് 85kg/$m^3$ എന്ന അളവിലാണ്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ഇനം 2 പ്രകാരം ചെയ്യുന്ന അളവിനനുസൃതമായി 7.35$m^3$ന് 0.625 tonne കമ്പിയാണ് ആവശ്യമായിട്ടുള്ളത്. എന്നാൽ എം ബുക്ക് പ്രകാരം 5.77$m^3$ കോൺക്രീറ്റ് ചെയ്യുന്നതിന് 648.54 kg കമ്പി ഉപയോഗിച്ചിട്ടുണ്ട് . അതായത് 112.29kg/$m^3$ അളവിലാണ് കമ്പി ഉപയോഗിച്ചിരിക്കുന്നത്. 15 cm കനത്തിലാണ് സ്ലാബ് നിർമ്മിച്ചിരിക്കുന്നത്. ഇപ്രകാരം അധികം കമ്പി ഉപയോഗിക്കാനുള്ള കാരണം അളവു പുസ്തകത്തിലോ ഫയലിലോ രേഖപ്പെടുത്തിയതായി കാണുന്നില്ല. കമ്പിയുടെ വിലയായി 654.94 kg x 77.205/kg = 50565/- രൂപ നൽകിയിട്ടുണ്ട്. എം ബുക്ക് പ്രകാരം സ്ലാബ് നിർമ്മിച്ചിരിക്കുന്നത് രണ്ട് ലെയർ കമ്പി ഉപയോഗിച്ചാണ്. വാഹനം കയറാത്ത വീതി കുറഞ്ഞ റോഡിലെ ഓടയുടെ കവറിംഗ് സ്ലാബാണ് . ഇതിന് രണ്ട് ലെയർ കമ്പി ഉപയോഗിച്ചതിന്റെ കാരണം വ്യക്തമല്ല. ഇപ്രകാരം അധികം കമ്പി ഉപയോഗിക്കുവാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-4 ബിറ്റുമിൻ ലഭിക്കാത്തത്.

തൻവർഷം ബിറ്റുമിൻ വാങ്ങുന്നതിന് BPCL-ന് 662855/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ BPCL-ൽ നിന്ന് 639861/-രൂപയുടെ (ബിൽ നം.455224684/13-3-18 317242/-രൂപ,ബിൽ നം.455191302/10-3-18 322619/-രൂപ) ബിറ്റുമിൻ മാത്രമാണ് ലഭിച്ചത്. ബാലൻസ് തുക ഈടാക്കേണ്ടതാണ്.

## 3-5 പട്ടികജാതി ശ്മശാനനിർമ്മാണം പൂർത്തീകരിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം/ പേര് | എസ്0065/17-18, പട്ടികജാതി ശ്മശാനം |
| അടങ്കൽ | 30,000 -എസ്.സി.പി. ഫണ്ട് |
| ചെലവ് | 21,063/-ബിൽ നം.20/17-18/28.03.18 അസി.സെക്രട്ടറി |

ശ്മശാനം നിർമ്മിക്കുന്നതിനായി താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ചെലവഴിച്ച തീയതി | തുക |
|---|---|---:|
| 1 | 12.04.11 | 10,00,000 |
| 2 | 04.04.12 | 9,00,000 |
| 3 | 28.03.18 | 21,063 |
| ആകെ | | 19,21,063 |

2010-11 വർഷത്തിൽ പ്രോജക്ട് നം.26/11 (അടങ്കൽ-24.1 ലക്ഷം രൂപ) നിർമ്മാണം ആരംഭിച്ച പ്രോജക്ട് ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. ട്രസ്സ് വർക്കുകൾ പൂർത്തീകരിക്കുന്നതിനും ഫർണ്ണസ് സ്ഥാപിക്കുന്നതിനുമായി കോസ്റ്റ് ഫോഡിന് 19,00,000/- രൂപ നൽകി. ഇവ സ്ഥാപിച്ചിട്ടുണ്ടോയെന്നും പ്രവർത്തനക്ഷമമാണോയെന്നും അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം(15) പ്രകാരം 7.5 മീറ്റർ ഉറസ്സായ സ്ഥലം ശ്മശാനത്തിന് ചുറ്റും ഒഴിച്ചിടണം. എന്നാൽ ശ്മശാനം നിൽക്കുന്ന ഭൂമിയിലുള്ള മതിൽ, റോഡ് എന്നിവ മൂലം സ്ഥലം ഒഴിച്ചിടാനില്ലാത്ത അവസ്ഥയിലാണ്. ഇക്കാരണത്താൽ ജില്ലാ കളക്ടറുടെ എൻ.ഒ.സി പ്രോജക്ടിന് ലഭിച്ചിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 11.01.19 ലെ 5/1നമ്പർ തീരുമാന പ്രകാരം സ്ഥലം ലെവൽ ചെയ്ത് വിസ്തൃതി ഉറപ്പാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു. എന്നാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പാക്കുന്നതിനും പദ്ധതി പൂർത്തീകരിക്കുന്നതിനും ഇപ്പോഴും നടപടികൾ സ്വീകരിച്ചിട്ടില്ല. ശ്മശാനനിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- സർക്കാർ നിർദ്ദേശം

## അവഗണിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 21/18 |
| പ്രോജക്ടിന്റെ പേര് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 40W സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി എഡിസൺ ഇലക്ട്രോണിക്സ്, തിരുവാങ്കുളം എന്ന സ്ഥാപനത്തിന് 2,99,040 രൂപ നൽകിയിട്ടുണ്ട് (ബിൽ നം.35/24.03.18). 168 ഫ്ലൂറസെന്റ് ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ട്യൂബ് ലൈറ്റ് ഒന്നിന് 1780 രൂപ വെച്ചാണ് തുക നൽകിയിരിക്കുന്നത്. ട്യൂബ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

മറ്റ് ലാമ്പുകളെ അപേക്ഷിച്ച് വിലക്കുറവുള്ളതും, ആയുസ്സുള്ളതും, പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതുമാണ് എൽ.ഇ.ഡി ലാമ്പുകൾ. അതിനാൽ സ്ട്രീറ്റ് ലൈറ്റിന് എൽ.ഇ.ഡി ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകണമെന്ന് 11.01.2016 ലെ ജി.ഒ.(എം.എസ്)4/2016 ത.സ്വ.ഭ.വ. സബ്സിഡി പൊതു വിഷയങ്ങൾ 7.9 പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്.
മുൻകാലങ്ങളിൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചപ്പോൾ പലതും കേടാകുകയും വ്യാപക പരാതികൾക്കിടയാക്കുകയും ചെയ്തതിനാലാണ് സർക്കാർ നിർദ്ദേശം അവഗണിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫ്ലൂറസെന്റ് ട്യൂബ് ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ വ്യാപകമായി സ്ഥാപിക്കുകയും കാര്യക്ഷമമായി പരിപാലിക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ഭാവിയിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 3-7 സെന്റേജ് ചാർജ് അധികം നൽകി

| | |
|---|---|
| പ്രോജക്ട് നം/ പേര് | എസ് 0013/17-18, കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | 4,00,000 – വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | 4,00,000- ബിൽ നം.12/17-18/20.10.17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രോജക്ട് നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റി താഴെപ്പറയും പ്രകാരം എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പഞ്ചായത്ത് ഒടുക്കുകയും ചെയ്തിട്ടുണ്ട്.

Estimate

Cost of materials - 91,000

Working Charge - 2,54,790

Total - 3,45,790

12.5% Centage Charges - 43,224

Unforseen items - 10,986

4,00,000/-

പി.ഡബ്ല്യു.ഡി. മാന്വൽ 1601.4 പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ചാർജായ 2.5% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എസ്റ്റിമേറ്റിന്റെ 10% ആണ് വാങ്ങേണ്ടത്. ആയതിനാൽ മേൽ പ്രോജക്ടിൽ സെന്റേജ് ചാർജ് ആയി 34,579 രൂപയാണ് വാങ്ങാവുന്നത്. അധികം നൽകിയ 8645/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്. തുക കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-8 പ്രൊക്യൂർമെന്റ് മാന്വലിലെ നിബന്ധനകൾ പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം/ പേര് | S109/17-18, വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | 1,75,000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 1,60,480- ബിൽ നം.16/17-18/10.03.18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ICDS Supervisor |

വയോജനങ്ങൾക്ക് കട്ടിൽ വാങ്ങുന്നതിന് രണ്ട് പ്രോജക്ടാണ് തൻവർഷം ICDS സൂപ്പർ വൈസർ നടപ്പാക്കിയിട്ടുള്ളത്. പൊതു വിഭാഗത്തിലും (S109/17-18), എസ്.സി വിഭാഗത്തിലുമാണ് (103/17-18) പ്രോജക്ടുകൾ നടപ്പാക്കിയത്. പൊതു വിഭാഗത്തിൽ, കട്ടിൽ വാങ്ങുന്നതിനായി കീർത്തി ഫർണ്ണീച്ചർ എന്ന സ്ഥാപനത്തിന് 1,60,480/- രൂപ നൽകി. കട്ടിലൊന്നിന് 4012/-രൂപ വെച്ച് 40 കട്ടിലാണ് വാങ്ങിയത്.

എന്നാൽ പ്രോജക്ട് നമ്പർ 103/17-18 ൽ (വയോജനങ്ങൾക്ക് കട്ടിൽ -എസ്.സി. വിഭാഗം) ഇതേ സ്പെസിഫിക്കേഷനുള്ള കട്ടിൽ വാങ്ങുന്നതിന് കട്ടിലൊന്നിന് 3764 രൂപ വെച്ച് 115 കട്ടിൽ വാങ്ങുന്നതിന് 4,32,860 രൂപ നൽകി.

നീളം -1.8മീ., വീതി-0.9മീ, മുൻകാൽ-60 സെ.മീ., പിൻകാൽ-50സെ.മീ., 8എം.എം കനമുള്ള പ്ലൈവുഡ് എന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിലുകളാണ് രണ്ടു വാങ്ങലുകളിലും ഉൾപ്പെടുത്തുന്നത്.

ജി.ഒ.(പി)3/2013 എസ്.പി.ഡി ഖ.6 പ്രകാരം ആവശ്യമായ സാധനങ്ങളുടെ പട്ടിക വർഷാരംഭത്തിൽ തയ്യാറാക്കണം. തൊട്ടടുത്ത സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് മാസത്തേക്ക് കൂടിയുള്ള ആവശ്യകതയും പരിഗണിച്ച് വാർഷിക ഇൻഡന്റ് തയ്യാറാക്കി, ഏകദേശ വില ഉൾപ്പെടുത്തി ക്ഷമതയുള്ള അധികാരിയിൽ നിന്ന് അംഗീകാരം വാങ്ങി വേണം ക്വട്ടേഷനുകൾ/ ടെൻഡറുകൾ ക്ഷണിക്കാൻ. മുകളിൽ പരാമർശിച്ചിട്ടുള്ള വാങ്ങലുകളിൽ ഈ നിബന്ധനകൾ പാലിക്കാത്തതു കാരണം പ്രോജക്ട് നമ്പർ 109/17-18 ലെ വാങ്ങലിൽ കട്ടിലൊന്നിന് 248 രൂപ വീതം 40 കട്ടിലിന് 9920 രൂപ അധികം നൽകേണ്ടിവന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ പർച്ചേസ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഇതുവരെ ലഭിച്ചിട്ടില്ല.

| ഇംപ്ലിമെന്റിംഗ് ഏജൻസി (ഡെപ്പോസിറ്റ്) | നല്കിയ തുക |
|---|---|
| 1. കേരള ഇലക്ട്രിസിറ്റി ബോർഡ് | 820674.00 |
| 2. കേരള വാട്ടർ അതോറിറ്റി | 222000.00 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-10 പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ -വാങ്ങൽ നടപടി ക്രമങ്ങളിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം/ പേര് | എസ്.0149/17-18, പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ |
| അടങ്കൽ | 25,000 -എസ്.സി.പി. ഫണ്ട്<br>2,60,000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>15,000- ഗുണഭോക്തൃ വിഹിതം |
| ചെലവ് | 25,000 ബിൽ നം.20/17-18/28.03.18<br>2,60,000- ചെക്ക് നം.24496669/23.03.18 |

| | |
|---|---|
| | 15,000- ചെക്ക് നം.030163/23.03.18 |

തിരുവരങ്ങ് നാടൻ കലാ ഗ്രൂപ്പ്, കെ.കെ.പി. &ബ്രദേഴ്സ് എന്നീ സംഘങ്ങൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകുക എന്നതായിരുന്നു പ്രോജക്ടിന്റെ ഉദ്ദേശ്യം.

പ്രോജക്ട് നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകളുണ്ടായിട്ടുണ്ട്.

1. പ്രൊക്യൂർമെന്റ് മാനുവൽ പ്രകാരം 60,000/-രൂപയിൽ അധികം വരുന്ന വാങ്ങലുകൾക്ക് ടെൻഡർ ക്ഷണിക്കണം. എന്നാൽ ടെൻഡർ ക്ഷണിച്ചിട്ടില്ല. പകരം രാജാ മ്യൂസിക്കൽസ്, എം.ആർ.ജി വാദ്യോപകരണ ഡീലർ എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ട്. കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്ത സ്ഥാപനത്തിൽ നിന്നല്ല വാദ്യോപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ ക്യാഷ് ബിൽ / ഇൻവോയ്സ് നൽകിയിട്ടില്ല. ക്വട്ടേഷൻ ആസ്പദമാക്കിയാണ് പണം നൽകിയിട്ടുള്ളത്. വാദ്യോപകരണങ്ങളുടെ സ്പെസിഫിക്കേഷൻ ടെണ്ടർ വിജ്ഞാപനത്തിൽ പറഞ്ഞിട്ടില്ല.

2. വാദ്യോപകരണങ്ങളുടെ നിരക്കിന്റ താരതമ്യം താഴെച്ചേർക്കുന്നു.

| സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ പേര് | വാദ്യേപകരണത്തിന്റെ നിരക്ക് | | ലഭിച്ച ഗ്രൂപ്പിന്റെ പേര് |
|---|---|---|---|
| | ചെണ്ട | വലംതല | |
| രാജാ മ്യൂസിക്കൽസ് | 19500 | 19500 | തിരുവരങ്ങ് നാടൻ കലാഗ്രൂപ്പ് |
| എം.ആർ.ജി വാദ്യോപകരണ ഡീലർ | 15000 | 8000 | കെ.കെ.പി. &ബ്രദേഴ്സ് |
| നിരക്കിലുള്ള വ്യത്യാസം | 4500 | 11500 | |

തിരുവരങ്ങ് നാടൻകലാ ഗ്രൂപ്പിന്, രാജാ മ്യൂസിക്കൽസിൽ നിന്ന് രണ്ട് ചെണ്ട വാങ്ങിയത് മൂലം 4500X2=9000 രൂപയും രണ്ട് വലംതല വാങ്ങിയത് മൂലം 11500X2= 23000 രൂപയും അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 വാട്ടർ ചാർജ് അടച്ചത് അപാകതകൾ

പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിട്ടിയും ഗ്രാമപഞ്ചായത്തും ചേർന്നുള്ള ഒരു സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ല. 9/2014 വരെ ഒരു ടാപ്പിന് വർഷം 3500/- രൂപ പ്രകാരം 402 എണ്ണം ടാപ്പുകളുടെ വാട്ടർ ചാർജാണ് ഒടുക്കിയത്. 10/2014 മുതൽ 8/2018 വരെ ഒരു ടാപ്പിന് വർഷം 5250/- രൂപ പ്രകാരം 384 എണ്ണം ടാപ്പുകളുടെ വാട്ടർ ചാർജായി ഈടാക്കിയിട്ടുണ്ട്. 9/2018 മുതൽ ഒരു ടാപ്പിന് വർഷം 5250/- രൂപ പ്രകാരം 382 എണ്ണം ടാപ്പുകളുടെ വാട്ടർ ചാർജ് ഒടുക്കുന്നു. പഞ്ചായത്ത് വാട്ടർ അതോറിട്ടിക്ക് നൽകിയ കണക്ക് പ്രകാരം പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി ആകെ 315 പൊതു ടാപ്പുകളാണ് ഉള്ളത്. എന്നാൽ ഇതുവരെ ഒരു സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കണക്കാക്കാത്തതിനാൽ 382 ടാപ്പുകളുടെ വാട്ടർ ചാർജാണ് ഇപ്പോഴും ഒടുക്കുന്നത്. ഇതുമൂലം വലിയ സാമ്പത്തിക നഷ്ടമാണ് പഞ്ചായത്തിന് വന്നിട്ടുള്ളത്.
വാട്ടർ ചാർജിനത്തിൽ അടയ്ക്കുന്ന തുകകൾ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നുണ്ടോ എന്ന് പോലും പഞ്ചായത്ത് പരിശോധിക്കുന്നില്ല. 2018-19ൽ പ്ലാൻ ഫണ്ടിൽ നിന്നും ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിലും നേരിട്ട് നൽകിയ 4092734/- രൂപയും പ്രോജക്ട് നം. 4/19 പ്രകാരം അടച്ച 218000/- രൂപയും വാട്ടർ ചാർജ് ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക | കുറിപ്പുകൾ |
|---|---|---|
| പ്രോജക്ട് നം.4/19 | 2,18,000 | |
| നേരിട്ട് പിടിച്ചത് (General purpose fund) | 6,27,500 | സ.ഉ.(സാധാ)10069/18-7-12-18 |

| | | |
|---|---|---|
| നേരിട്ട് പിടിച്ചത് (plan general fund) | 34,65,234 | സ.ഉ.(സാധാ)10069/18-7-12-18 |

2018 ജനവരി വരെ വാട്ടർ ചാർജിനത്തിൽ 3,01,05,291 രൂപ കുടിശ്ശികയുണ്ട്. ഇതിൽ 2 കോടി രൂപ കഴിഞ്ഞ 5 വർഷത്തെ ഫൈൻ മാത്രമാണ്. 5 വർഷത്തിന് മുമ്പുള്ള ഫൈൻ സംബന്ധിച്ച വിവരം ലഭ്യമല്ല. വാട്ടർ ചാർജ് സമയത്ത് അടക്കാത്തതിനാലാണ് ഇത്രയും വലിയ തുക ഫൈൻ ആയി വന്നിട്ടുള്ളത്. വാട്ടർ ചാർജ് സമയത്ത് അടക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | ഭിന്നശേഷി സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 175000 | ഭിന്നശേഷി സ്കോളർഷിപ്പ് | 175000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാലിയേറ്റീവ് കെയർ | 194317 | 5683 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 850000 | പൊക്കാളി കൃഷി | 850000 | 0 |

വാർഷിക കണക്കുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് 1945000/- രൂപയാണ് വരവ് വന്നിട്ടുള്ളത്. പഞ്ചായത്ത് മുഴുവൻ വിവരങ്ങളും ലഭ്യമാക്കാത്തതിനാൽ മുഴുവൻ വിവരങ്ങളും ചേർക്കാൻ കഴിഞ്ഞില്ല. കണക്കുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | ഘടക സ്ഥാപനങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ | 12/20.10.2017 | 4000000 | 0 | 4000000 |
| K.S.E.B | സ്ട്രീറ്റ് ലൈൻ നീട്ടൽ<br>പോസ്റ്റുകൾ മാറ്റൽ | 23/23.1.2018<br>32/13.03.2018 | 299190<br>198702 | 0<br>0 | 299190<br>198702 |

എന്നാൽ അക്കൗണ്ട്സ് പ്രകാരമുള്ള ബാലൻസ് തുക KWA 2,22,000/- രൂപയും KSEB 7,35,656/- രൂപയുമാണ്. വ്യത്യാസം വരാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും

വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന നിർമ്മാണം | ജി.ഒ.(എം.എസ്.) 63480/10/ LSGD/ dt. 11.2.2010 | 7000000 | 958750 | 300000 | 0 | 658750 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നം | തീയതി |
|---|---|---|---|---|---|
| 1997-98 | ഖ-12 ബി | 740 | പി.എ.ചന്ദ്രിക | 117030100896 | 22.09.17 |
| 1997-98 | ഖ-13 | 350 | പി.എ.ചന്ദ്രിക | 117030100896 | 22.09.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| |
|---|
| ഇല്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40085225.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43427443.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 68583 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | - | 68583 | ശ്രീമതി .സലീഷ്യ സജിനി അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സലീഷ്യ സജിനി അസി. എഞ്ചിനീയർ | AE, ഏഴിക്കര ഗ്രാമപഞ്ചായത്ത് | മാവുങ്ങൽ വീട്, ചിരിയാക്കടവ്, കണ്ണമാലി-682008 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1997-98 | എൽ.എഫ്.ഇ (പി2)853/03, തീയതി.14.10.03 |
| 1998-99 | എൽ.എഫ്.ഇ (പി2)749/05, തീയതി.26.5.06 |
| 2002-03 | എൽ.എഫ്.ഇ (പി2)1307/05, തീയതി.26.6.06 |
| 2006-07 | എൽ.എഫ്.ഇ (പി2)719//07, തീയതി.30.1.08 |
| 2007-08 | എൽ.എഫ്.ഇ (പി2)11/09, തീയതി.7.9.09 |
| 2008-09 | എൽ.എഫ്.ഇ(പി2)1842/11,തീയതി.23.11.11 |
| 2009-10 | എൽ.എഫ്.ഇ (പി2)1842/11, തീയതി.23.11.11 |
| 2010-11 | എൽ.എഫ്.ഇ (പി2)1842/11, തീയതി.23.11.11 |
| 2011-12 | എൽ.എഫ്.ഇ (പി2)1064/13, തീയതി.16.8.13 |
| 2012-13 | എൽ.എഫ്.ഇ (പി10)24/15, തീയതി.11.2.15 |
| 2013-14& 2014-15& | എൽ.എഫ്.ഇ (പി10)234/16, തീയതി.15.2.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.12)2056/2016, തീയതി 07.12.16 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി.12)1893/2017, തീയതി 08.12.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

.

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഇ.കെ.എം.(പി.12)337/2019

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
lfadekm@gmail.com
തീയതി:23.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും

പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി.സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്